നം.കെ.എസ്.എ.പി.റ്റി.എ./പി 5/1436/2016 തീയതി : 23-01-2017

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം215(4)-ാം വകുപ്പ് ,1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോഴഞ്ചേരി ഗ്രാമപ്പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 17-05-2016 മുതൽ 30-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 19.12.2016 മുതൽ<br>27.12.2016 വരെ | ശ്രീ സി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ മഹേഷ് കുമാർ കെ.ആർ, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ഷൈജു.വൈ, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീ സുനിൽ കുമാർ യു.എസ് ,ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി ആനി ജോസഫ് (01-04-2015മുതൽ 31-10-2015 വരെ) |
| | ഭരണ നിർവ്വഹണ സമിതി (01-11-2015 മുതൽ 18-11-2015 വരെ) |
| | ശ്രീമതി മിനി ശ്യാം മോഹൻ (19-11-2015 മുതൽ 31-03-2016 വരെ) |
| സെക്രട്ടറി | ശ്രീ റ്റി റ്റി ഗോപാലകൃഷ്ണപിള്ള (01-04-2015മുതൽ 31-03-2016വരെ) |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ദുരിതാശ്വാസ നിധി | 1-11 |
| 12 | മരാമത്ത് പ്രവൃത്തിയിലെ അപാകത | 1-12 |
| 13 | അനുബന്ധ പത്രികകൾ | 1-13 |


ഭാഗം-II


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ | 2-1 |
| 2 | മൊബൈൽ ടവറുകളുടെ വസ്തുനികതി പുതിയ നിരക്കിൽ ഈടാക്കുന്നില്ല | 2-2 |
| 3 | വസ്തുനികതി പിരിവ് കാര്യക്ഷമമല്ല | 2-3 |
| 4 | വസ്തുനികതി നിർണ്ണയിച്ചതിൽ അപാകത | 2-4 |
| 5 | ലൈസൻസില്ലാതെ സ്വകാര്യ വാഹന പാർക്കിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു | 2-5 |
| 6 | കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ പേ വാർഡുകളുടെ വസ്തുനികതി ഈടാക്കുന്നില്ല | 2-6 |

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | | |
| 7 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-7 |
| 8 | ഡി & ഒ ഫീസ് കാര്യക്ഷമമല്ല | 2-8 |
| 9 | നിയമാനുസൃതമായ ബൈലോ തയ്യാറാക്കാതെ പരസ്യനികുതി ഈടാക്കി | 2-9 |
| 10 | രജിസ്ട്രേഷനില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-10 |
| 11 | അനുമതിയില്ലാതെ പഞ്ചായത്ത് സ്റ്റേഡിയം ഉപയോഗിച്ചിട്ടും പഞ്ചായത്ത് നടപടിയെടുത്തില്ല | 2-11 |
| 12 | സ്റ്റാമ്പ് ആക്ട് ഉത്തരവിന് വിരുദ്ധമായി കരാറിൽ ഏർപ്പെട്ടതുവഴി സംസ്ഥാന ഫണ്ടിന് നഷ്ടം | 2-12 |
| 13 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത | 2-13 |

ഭാഗം-III

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര വീഴ്ച | 3-1 |
| 2 | നിയമസാധുതയില്ലാത്ത വിവാഹത്തിനു ധനസഹായം നൽകി | 3-2 |
| 3 | വെള്ളക്കരം യഥാസമയം അടയ്ക്കാത്തതു കാരണം പിഴപ്പലിശ അധികമായി അടയ്ക്കേണ്ടി വരുന്നു | 3-3 |
| 4 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യമൊരുക്കൽ പദ്ധതിയിൽ നിലവാരം കുറഞ്ഞ പ്ളാസ്റ്റിക് കസേരകൾ വാങ്ങി | 3-4 |
| 5 | ജലസേചന പമ്പ് സെറ്റ് വിതരണം-സുതാര്യമല്ലാത്ത ബില്ലിന് തുക നൽകി | 3-5 |
| 6 | ചുമതലയിൽപ്പെടാത്ത പ്രോജക്ടുകളുടെ നിർവ്വഹണം എച്ച്.എം ന് നൽകി | 3-6 |
| 7 | സെക്രട്ടറിയുടെ പദ്ധതിനിർവ്വഹണ ചെലവ് - 25% ത്തിൽ താഴെ | 3-7 |
| 8 | സമ്പൂർണ്ണ ഇ-സാക്ഷരത യജ്ഞം - പദ്ധതി കാര്യക്ഷമമായി നടപ്പിലായില്ല | 3-8 |
| 9 | മീഡിയാശ്രീ - തുക നൽകിയെങ്കിലും പ്രോജക്ട് നടപ്പിലായില്ല | 3-9 |
| 10 | കരുതൽ' പദ്ധതിയിൽ ഗുരുതരമായ അപാകതകൾ | 3-10 |
| 11 | അന്യ സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പും ഹെൽത്ത് കാർഡ് വിതരണവും പദ്ധതിയിലെ ഗുരുതരമായ അപാകതകൾ | 3-11 |

| | | |
|---|---|---|
| | | |
| 12 | പാലിയേറ്റീവ് കെയർ പദ്ധതിയിൽ വാങ്ങിയ ഉപകരണങ്ങൾ വിതരണം | 3-12 |
| 13 | കുരങ്ങുമല സംസ്കാരിക നിലയത്തിന് പ്ലാസ്റ്റിക് കസേരകൾ ലഭ്യമാക്കിയതിൽ അപാകത | 3-13 |
| 14 | എസ്.എസ്.എ പദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ എസ്.സി.പി ഫണ്ട് ചെലവഴിച്ചു | 3-14 |
| 15 | പോട്ട്ഹോൾ ഫില്ലിംഗിന് ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ അപാകത – അധിക പ്രതിഫലം നൽകിയത് അംഗീകരിക്കുന്നില്ല | 3-15 |
| 16 | ഗുണഭോക്തൃ സമിതിയ്ക്ക് കമ്പി വിലയിനത്തിൽ അധിക തുക ബില്ലിൽ ഉൾപ്പെടുത്തി നൽകിയത് അംഗീകരിക്കുന്നില്ല | 3-16 |
| 17 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ചത് അംഗീകരിക്കുന്നില്ല | 3-17 |
| 18 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീത് ഇല്ല | 3-18 |
| 19 | ആശ്രയ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല | 3-19 |
| 20 | അശാസ്ത്രീയമായ ഓട നിർമ്മാണം-ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന് ഗുരുതര ഭീഷണി | 3-20 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

| |
|---|
| 2015-16-ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
| ഭരണസമിതിയുടെ 28-03-2015 ലെ I-ാം നമ്പർ തീരുമാനം |

ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1074700 | 13916777 | 12842077 | |
| വരവ് | 77239000 | 28968707 | | 48270293 |
| ആകെ | 78313700 | 42885484 | | 35428216 |
| ചെലവ് | 71708250 | 32150796 | | 39557454 |
| നീക്കിയിരിപ്പ് | 6605450 | 10734688 | | 4129238 |

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണസമിതി അംഗീകരിക്കുന്ന പദ്ധതികളുടെ ചെലവ് കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമെ പദ്ധതി ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2015-16 വർഷത്തെ വാർഷിക ചെലവുകൾ ഉൾപ്പടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങുകയുണ്ടായില്ല.

## (1-2) വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15-05-2016 | 29-06-2016 |

## (1-3) വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുനികുതി ഡിമാന്റ്, നീക്കിബാക്കി തുകകൾ കൃത്യമല്ല.സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി പോസ്റ്റിംഗ് കൃത്യമല്ല.
2. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഷെഡ്യൂൾ B15 പ്രകാരമുള്ള തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
3. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡി & ഒ വരവുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

## (1-4) സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 13916777 |
| വരവ് | 28968707 |
| ആകെ | 42885484 |
| ചെലവ് | 32150796 |
| നീക്കിബാക്കി | 10734688 |

## (1-5) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP40 b പ്രകാരം) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 350690 | 0 | 3495333 | 3846023 | 3846023 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 133405 | 1024930 | 0 | 1158335 | 1104930 | 53405 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 913788 | 4306035 | 0 | 5219823 | 5219823 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1163935 | 484664 | 0 | 1648599 | 1648599 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 330736 | 2744471 | 0 | 3075207 | 1991762 | 1083445 | 0 |
| ലോക ബാങ്ക് സഹായം | 2358483 | 515359 | 0 | 2873842 | 515359 | 2358483 | 0 |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 141 | 105 | 05 | 31 | 74.46 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 10 | 4815366 | 1189432 | 24.70 |
| കൃഷി ഓഫീസർ | 5 | 4 | 565250 | 176800 | 31.28 |
| വെറ്റിനറി സർജൻ | 4 | 4 | 1245880 | 350000 | 28.09 |
| വി.ഇ.ഒ | 4 | 3 | 1591000 | 1199000 | 75.36 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 69 | 55 | 14304363 | 9219981 | 64.46 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 1299500 | 931333 | 71.67 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 940086 | 940086 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 3 | 530000 | 519180 | 97.96 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 175000 | 156723 | 89.56 |
| ഹെഡ് മാസ്റ്റർ | 13 | 13 | 1390800 | 988824 | 71.10 |

| | | | | | |
|---|---|---|---|---|---|
| അസ്സിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 825000 | 446000 | 54.06 |
| ആകെ | 141 | 110 | | | |

## (1-7) തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10688556 | 7369435 | 3319121 | (- 31.05%) |
| നികുതിയേതര വരവുകൾ | 5611075 | 4844330 | 766745 | (- 13.66%) |
| മറ്റ് വരവുകൾ | 5399379 | 1332563 | 4066816 | (- 75.32%) |
| ആകെ | 21699010 | 13546328 | 8152682 | (- 37.57%) |

## (1-8) സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 2 | 2 | 0 |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 0 |
| 3 | വിധവാ പെൻഷൻ | 25 | 22 | 3 |
| 4 | വികലാംഗ പെൻഷൻ | 18 | 18 | 0 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 78 | 54 | 24 |

## (1-9) ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-12-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 6039 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## (1-10) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25-12-2016 | 10/16, 11/16 | ലഭിച്ചില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | | 2008-09 മുതൽ 2012-13 വരെ | ഗ്രാമപ്പഞ്ചയത്തിൽ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല | - |

## (1-11) ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനമില്ലാത്ത അവസ്ഥയിലാണ്.ജില്ലാ സഹകരണബാങ്കിന്റെ കോഴഞ്ചേരി ശാഖയിലുള്ള അക്കൗണ്ടിൽ 2535 രൂപ മാത്രമെ അവശേഷിക്കുന്നുള്ളൂ. ആയതിനാൽ ദുരിതാശ്വാസനിധി അക്കൗണ്ടിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## (1-12) മരാമത്ത് പ്രവൃത്തിയിലെ അപാകത

(1) അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും നിർമ്മാണസാമഗ്രികൾ വാങ്ങുന്നതിന്റെ ബിൽ ഹാജരാക്കുന്നില്ല

2015-16 വർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ആ വശ്യമായ മെറ്റൽ, എം.സാന്റ്, ക്വാറി മക്ക് എന്നിവ വാങ്ങിയതിന് അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും ലഭിക്കുന്ന ബിൽ, ചെലവിന് ആധാരമായി ഗുണഭോക്തൃസമിതി ഹാജരാക്കുന്നില്ല. പകരം പ്രസ്തുത സാമഗ്രികൾ കയറ്റിക്കൊണ്ടു വന്ന ലോറി ഡ്രൈവറുടെ വൗച്ചർ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കുന്നത്. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് മെറ്റൽ, എം.സാന്റ് എന്നിവ സ്റ്റാക്ക് ചെയ്ത് എം.ബുക്കിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ കൃത്യമായ അളവിൽ സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുവാൻ ഇതു മൂലം സാധിക്കുന്നില്ല.

(2) കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല

വാണിജ്യ നികതി കമ്മീഷണറുടെ 31-03-2011ലെ 5/2011 നം. സർക്കുലർ പ്രകാരം കരാറുകാർക്ക് പാർട്ട് ബിൽ / ഫൈനൽ ബിൽ തുക നൽകുമ്പോൾ വാണിജ്യ നികതി വകുപ്പിൽ നിന്നും നൽകുന്ന ഫോറം 1EE പ്രകാരമുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും ആയത് പ്രകാരം ടി.ഡി.എസ് ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം 2003 ലെ കേരള മൂല്ല്യ വർദ്ധിത നിയമം സെക്ഷൻ 10(2),2(എ),(11)എ,ബി എന്നിവ പ്രകാരം സ്രോതസ്സിൽ നിന്നും നികതി ഈടാക്കി സർക്കാരിലേക്ക് ഓൺലൈനായി അടവാക്കേണ്ടതാണ്. എന്നാൽ കരാറുകാർ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ഹാജരാക്കുകയോ ചെയ്യുന്നില്ല. പകരം ഫാറം 1E യിലുള്ള കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ സ്രോതസ്സിൽ നിന്നും നികതി ഈടാക്കി ഒടുക്കുകയാണ് ചെയ്യുന്നത്. ബാധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ബാധ്യതാ സർട്ടിഫിക്കറ്റ് ഇല്ലാതെ കരാർ പ്രതിഫലം നൽകുന്നത് ക്രമവിരുദ്ധമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും സെക്രട്ടറിയുടെയും അടിയന്തിരമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (1-13) അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ പരിപാലിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.16-ലെ ബാലൻസ് തുക |
|---|---|---|---|
| 1 | എസ്.ബി.റ്റി എസ്.ബി അക്കൗണ്ട് | 57028900702 | 17957 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് | 43010011019 | 47305 |
| 3 | കാനറാ ബാങ്ക് | 3589101001275 | 5739316 |
| 4 | ഡി.സി.ബി തനത് ഫണ്ട് | 01 | 2039 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011 ലെ 58725/എഫ്.എം3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒരു ബാങ്ക് അക്കൗണ്ട് മാത്രമേ പരിപാലിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സുതാര്യമായ സാമ്പത്തിക നിയന്ത്രണത്തിനായി നിലവിൽ ഇടപാടുകൾ നടക്കുന്ന കാനറാ ബാങ്കിലെ 3589101001275-ാം നമ്പർ അക്കൗണ്ട് മാത്രം തുടർന്നാൽ മതിയാകും. പ്രസ്തുത സാഹചര്യത്തിൽ ബാക്കി മൂന്ന് അക്കൗണ്ടുകളിലെയും നീക്കിയിരുപ്പ് തുക ദേശസാൽകൃത ബാങ്കിൽ നിലനിർത്തുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള നടപടികൾ ഭരണസമിതി അടിയന്തിരമായി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## (2-2) മൊബൈൽ ടവറുകളുടെ വസ്തുനികുതി പുതിയ നിരക്കിൽ ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തുനികതി പുതിയ നിരക്കിൽ നിർണ്ണയിച്ചുവെങ്കിലും 2015-16 സാമ്പത്തിക വർഷത്തിലും ഈടാക്കി തുടങ്ങിയിട്ടില്ല. പുതിയ വസ്തു നികതി ചട്ടങ്ങൾ പ്രകാരം ഗ്രാമപ്പഞ്ചായത്ത് മൊബൈൽ ടവറുകൾക്ക് നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികതി ച.മീറ്ററിന് 500 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/കെട്ടിട നം | ടവറിന്റെ വിവരം | പ്ലിന്ത് ഏരിയ(ച.മീ) | നിർണ്ണയിച്ചിട്ടുള്ള നികതി |
|---|---|---|---|

| | | | |
|---|---|---|---|
| 9/407 | ഭാരതി എയർടെൽ ലിമിറ്റഡ് | 11 | 4400 |
| 13/891 | റിലയൻസ് | 11.61 | 6386 |
| 13/1819 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 11 | 6050 |
| 13/1340 | ഐഡിയ | 10 | 6000 |

പുതിയ വസ്തുനികതി ചട്ടങ്ങൾ പ്രകാരം 01-04-2013 മുതൽ പുതിയ നിരക്കിൽ വസ്തുനികതി ഈടാക്കേണ്ടതായിരുന്നു. വസ്തു നികതി നിർണ്ണയം നടത്തിയതല്ലാതെ ആയത് ഈടാക്കാൻ നടപടി സ്വീകരിക്കാതിരുന്നത് ഗുരുതരമായ അപാകതയാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## (2-3) വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

2015-16 വർഷം ഡിമാന്റ് ചെയ്ത വസ്തുനികതി (കുടിശ്ശിക ഒഴികെ) പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ അപാകത ഉണ്ടായിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തെ വസ്തുനികതി പിരിവ് പരിശോധിച്ചതിൽ പിരിവ് ശതമാനം ഏറ്റവും കുറഞ്ഞത് 2015-16 ലാണ് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് തുക | പിരിവ് തുക | പിരിവ് ശതമാനം |
|---|---|---|---|
| 2010-11 | 2445000 | 1806679 | 73.89 |
| 2011-12 | 2721398 | 1976746 | 72.64 |
| 2012-13 | 3339809 | 2170820 | 64.99 |
| 2013-14 | 2935838 | 2578374 | 87.82 |
| 2014-15 | 11449860 | 6324130 | 55.23 |
| 2015-16 | 7192852 | 2084779 | 28.98 |

വസ്തുനികതി പിരിവ് കാര്യക്ഷമമാക്കാൻ ക്യാംപ് കളക്ഷൻ നടത്തുക, ദിനപ്പത്രങ്ങൾ, പ്രാദേശിക ചാനലുകൾ, മറ്റ് മാധ്യമങ്ങൾ എന്നിവ മുഖേന അറിയിപ്പുകൾ നൽകുക,നോട്ടീസുകൾ തയ്യാറാക്കി എല്ലാ ഭവനങ്ങളിലും എത്തിക്കുക, ഗ്രാമസഭ കൂടുമ്പോൾ കളക്ഷൻ നടത്തുക എന്നിങ്ങനെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. ഡിമാന്റ് ചെയ്ത വസ്തുനികതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് മുകളിൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ച് പിരിവ് പുരോഗതി കൈവരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## (2-4) വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

2015-16 സാമ്പത്തിക വർഷം ചുവടെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത ഉണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ശ്രീ വിൽസൺ, ഇടത്തി വടക്കേതിൽ, കോഴഞ്ചേരി എന്നയാളുടെ വാണിജ്യാവശ്യത്തിനുള്ള 145 ച.മീ കെട്ടിടത്തിന് (കെട്ടിട നം-7/336) ച .മീറ്ററിന് 70 രൂപ നിരക്കിൽ 10150 രൂപ അടിസ്ഥാന വസ്തുനികതിയായി നിശ്ചയിച്ചിരുന്നു. കൂടാതെ കെട്ടിടം ദ്വിതീയ മേഖലയിലാണെന്ന് കാണിച്ച് 10% ഇളവും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% ഇളവും അനുവദിച്ചു. എന്നാൽ ഫാറം 6 പ്രകാരം കെട്ടിടം പ്രാഥമിക മേഖലയിലാണ്. ആയതിനാൽ 10% ഇളവ് അനുവദനീയമല്ല.

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം-23/26-12-2016) ആയതിന് മറുപടിയായി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം നൽകിയ ഇളവ് റദ്ദാക്കി പുതിയ ഡിമാന്റ് നോട്ടീസ് നൽകിയതായി ആയതിന്റെ പകർപ്പ് സഹിതം ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള വസ്തു നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ശ്രീ ജോർജ്ജ് തോമസ്, മുത്തൂറ്റ് ഹൗസ്, കോഴഞ്ചേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള 1374.56 ച.മീ തറ വിസ്തീർണ്ണമുള്ള ബാങ്കിംഗ് സ്ഥാപനത്തിന് (കെട്ടിട നം-13/1774)ച.മീറ്ററിന് 50 രൂപ നിരക്കിൽ 68728 രൂപ അടിസ്ഥാന വസ്തുനികതിയായി നിശ്ചയിച്ചിരുന്നു. കൂടാതെ കെട്ടിടത്തിന് 45% അടിസ്ഥാന വസ്തുനികതിയിൽ വർദ്ധനവ് (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ-20, തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ-15, എയർ കണ്ടീഷനിംഗ് സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ- 10 എന്നിങ്ങനെ) അനുവദിച്ചിരുന്നു. എന്നാൽ ടി കെട്ടിടത്തിന് ബാധകമായത് ദേശീയപാത/സംസ്ഥാന പാത/ ഒന്നാംതരം റോഡ് (കോഴഞ്ചേരി- റാന്നി റോഡ്)ആണ്. ഇത് പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ-30% വർദ്ധനവാണ് ബാധകമായത്.

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം-23/26-12-2016) ആയതിന് മറുപടിയായി പ്രസ്തുത റോഡ് സംസ്ഥാന പാതയിൽ ഉൾപ്പെട്ടതല്ലായെന്നും ആയതിനാൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 30% വർദ്ധനവ് ബാധകമല്ലായെന്നുമാണ് അറിയിച്ചത്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് വസ്തുനികതി നിർണ്ണയം നടത്തിയ ഫാറം 6 പ്രകാരം കോഴഞ്ചേരി- റാന്നി റോഡ് ഒന്നാം തരം റോഡിൽ ഉൾപ്പെട്ടതാണ്. ഇത് പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ-30% വർദ്ധനവ് ബാധകമാക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ വസ്തുനികതി 30% വർദ്ധനവ് ബാധകമാക്കി പുതുക്കി നിശ്ചയിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## (2-5) ലൈസൻസില്ലാതെ സ്വകാര്യ വാഹന പാർക്കിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 228 പ്രകാരവും 1995 ലെ കേരള പഞ്ചായത്ത് രാജ് ( ഇറക്ക സ്ഥലങ്ങൾ, വിശ്രമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹനസ്ഥലങ്ങൾ) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും സ്വകാര്യ വാഹന പാർക്കിംഗ് കേന്ദ്രങ്ങൾ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ രണ്ട് സ്വകാര്യ വാഹന പാർക്കിംഗ് കേന്ദ്രങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.ഒന്നാമത്തേത് കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയുടെ എതിർ വശത്തായി വലിയവീട്ടിൽ ബിൽഡിംഗിന്റെ കോമ്പൗണ്ടിലും രണ്ടാമത്തേത് ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപമുള്ള ശ്രീകൃഷ്ണ കലാമന്ദിർ ഓഡിറ്റോറിയത്തിന് സമീപത്തുമായാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത പാർക്കിംഗ് കേന്ദ്രങ്ങളിൽ പാർക്കിംഗിന് യഥാക്രമം 20രൂപ, 10 രൂപ എന്നിങ്ങനെ ഫീസ് ഈടാക്കുന്നുമുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ 1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്ക സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ വാഹന പാർക്കിംഗ് കേന്ദ്രങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## (2-6) കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ പേ വാർഡുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യ.എസ് ന്റെ അധീനതയിൽ 11 പേ വാർഡുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 260 രൂപയാണ് ഇവയുടെ പ്രതിദിന വാടകയിനത്തിൽ രോഗികളിൽനിന്ന് ഈടാക്കുന്നത്. പ്രസ്തുത വാർഡുകൾക്ക് പൊതുവായി കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലും ഇവയുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

കെ.എച്ച്.ആർ.ഡബ്ല്യ.എസ്,എച്ച്.എം.എസിയുടെ കീഴിലുള്ള പേ വാർഡുകളിലെ താമസക്കാരിൽനിന്ന് സൊസൈറ്റി വാടക ഈടാക്കുന്ന സാഹചര്യത്തിൽ , പ്രസ്തുത പേ വാർഡുകളെ കെട്ടിടനികുതിയിൽനിന്ന് ഒഴിവാക്കേണ്ടതില്ലെന്ന് ഗവ.ലെറ്റർ നമ്പർ 11493/B2/97 ത.സ്വ.ഭ.വ തീയതി 20.05.97 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുമുണ്ട്. ആയതിനാൽ പേ വാർഡ് കെട്ടിടങ്ങളുടെ വസ്തുനികുതി അടിയന്തിരമായി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (2-7) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204അനുസരിച്ച് 60 ദിവസത്തിൽ കുറയാതെ പഞ്ചായത്തിന്റെ പ്രദേശത്ത് തൊഴിലിലോ /ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താൻ വ്യവസ്ഥ ചെയ്യുന്നു . എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല . വ്യാപാരസ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കുന്ന സമയത്ത് അവരിൽ നിന്നും 2 അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി മാത്രമാണ് ഈടാക്കി വരുന്നത് . അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | പട്ടേരിൽ സിൽക്ക്സ് | 9 |
| 2 | ഹോട്ടൽ സിയോൺ | 8 |
| 3 | സിയോൺ ലോഡ്ജ് | 9 |
| 4 | ഹോട്ടൽ പാർക്ക് റെസിഡെൻസി | 10 |
| 5 | സെന്റ്ജോർജ്ജ് ബേക്കറി | 5 |
| 6 | ഹോട്ടൽ ആര്യഭവൻ | 11 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(സി) പ്രകാരം സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ പേര് വിവരം അടങ്ങിയ ലിസ്റ്റ് അവരുടെ ശമ്പളം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആണ്.

## (2-8) ഡി&ഒ ഫീസ് പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ 1013 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിൽ എഴുതി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് രജിസ്റ്റർ (2015-16) പ്രകാരം 763 വ്യാപാര സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. എന്നാൽ 2015-16 സാമ്പത്തിക വർഷം 551 വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ഡി ആന്റ് ഓ ലൈസൻസ് എടുത്തിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232,233 വകുപ്പുകളും 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ യാതൊരു വ്യാപാരവ്യവസായ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ലാത്തതാണ്. വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ പൂർണ്ണമായി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

## (2-9) പരസ്യനികുതി ഈടാക്കിയത് നിയമാനുസൃതമായ ബൈലോ തയ്യാറാക്കാതെ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്ന പഞ്ചായത്തുകൾക്ക് മാത്രമെ പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുള്ളൂ . എന്നാൽ 1991ലെ ബൈലോയുടെ അടിസ്ഥാനത്തിലാണ് 2015-16 സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്ത് പരസ്യങ്ങളിൻ മേൽ നികുതി പിരിക്കുന്നതിനുള്ള അവകാശം തോമസ് മാത്യു എന്ന ആളിന് ലേലത്തിൽ നൽകിയിട്ടുള്ളത്, ആയതിനാൽ പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കാനാവുന്നില്ല . പരസ്യനികുതി പിരിവിനായി, 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തയ്യാറാക്കി, സർക്കാരിന്റെ അംഗീകാരം ലഭിച്ച പരസ്യനികുതി ബൈലായുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി പിരിവ് ലേലത്തിന് നൽകിയിരിക്കുന്നത്. ഇത് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായ നടപടിയാണ്. പരസ്യനികുതി പിരിവിനായി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ പരസ്യനികുതി പിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-10) രജിസ്ട്രേഷനില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 270, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ ചട്ടം 3 എന്നിവ പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപ്പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല . വകുപ്പ് 270 A, ചട്ടം നമ്പർ 8 എന്നിവ പ്രകാരം ഇത് ലംഘിക്കുന്ന ഏതൊരാൾക്കും മേൽ 5000/- രൂപ വരെ ആകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഒരോ ദിവസത്തിനും 500/- രൂപ വരെ ആകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ ചുവടെ പറയുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ചത്.

1.കുളപ്പുറം ഹോമിയോ ക്ലിനിക്

2.ഇമ്മാനുവൽ ഹോമിയോ ക്ലിനിക്

3.വലിയപറമ്പിൽ പാരമ്പര്യ ചികിൽസാ കേന്ദ്രം

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (2-11) അനുമതിയില്ലാതെ പഞ്ചായത്ത് സ്റ്റേഡിയം ഉപയോഗിച്ചിട്ടും പഞ്ചായത്ത് നടപടിയെടുത്തില്ല

കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ വർഷംതോറും നടന്നുവരുന്ന പുഷ്പമേള പഞ്ചായത്തിന്റെ അനുമതി യില്ലാതെയാണ് നടത്തിവരുന്നത് . കോഴഞ്ചേരി -അഗ്രി ഹോർട്ടി സൊസൈറ്റിയാണ് പുഷ്പമേളയുടെ സംഘാടകർ. എല്ലാ വർഷം ജനവരി-ഫെബ്രുവരി മാസങ്ങളിലായി നടന്നുവരുന്ന പുഷ്പമേള ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിലാണ് സംഘടിപ്പിക്കുന്നത് . പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് പുഷ്പമേള നടത്തിവരുന്നതെന്ന് ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം-26/26-12-2016) ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നത്. അനുമതിയില്ലാതെ ഗ്രാമപഞ്ചായത്ത് വകസ്റ്റേഡിയം ഉപയോഗിച്ചിട്ടും നാളിതുവരെയായി യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല . പ്രവേശന ടിക്കറ്റിന്മേൽ 1961 ലെ കേരള ലോക്കൽ അതോറിറ്റി എന്റർടെയിൻമെന്റ് ടാക്സ് ആക്ടിലെ വകുപ്പ് പ്രകാരം വിനോദനികുതി ഈടാക്കുന്നതിനും യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഇത്തരം മേളകൾ സംഘടിപ്പിക്കുന്നില്ലെന്നും വിനോദനികുതി ഇനത്തിൽ പഞ്ചായത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാതിരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ വരുമാന നഷ്ടം ഒഴിവാക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## (2-12) സ്റ്റാമ്പ് ആക്ട് ഉത്തരവിന് വിരുദ്ധമായി കരാറിൽ ഏർപ്പെട്ടതുവഴി സംസ്ഥാന ഫണ്ടിന് നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോറിലെ 8 -ാം നമ്പർ ക്യാബിൻ 10.11.2014 ലെ V(I) നമ്പർ തീരുമാന പ്രകാരം എ.ടി.എം കൗണ്ടർ സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യക്ക് 01.12.2015 മുതൽ വാടകയ്ക്ക് നൽകിയിട്ടുള്ളതാകുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും എസ്.ബി.ഐ കോഴഞ്ചേരി ചീഫ് മാനേജരും തമ്മിലാണ് വാടക കരാർ പത്രം ചമച്ചിട്ടുള്ളത് . 2015 ഡിസംബർ മാസം 1ആം തീയതി മുതൽ അഞ്ച് വർഷത്തെക്കാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. 100 രൂപയുടെ മുദ്രപത്രത്തിലാണ് വാടക കരാർ ചമച്ചിരിക്കുന്നത്. 21.08.2015 ലെ DBI/1559/2010/CE/LSGD(സ്റ്റാമ്പ് ആക്ട് 2015) ഉത്തരവ് പ്രകാരം എ.ടി.എം മെഷീൻ സ്ഥാപിക്കുന്നതിനും , എഗ്രിമെന്റ് കാലാവധി പുതുക്കുന്നതിനും 2500/- രൂപയിൽ കുറയാത്ത മൂല്യമുള്ള മുദ്രപത്രങ്ങൾ മാത്രമെ ഉപയോഗിക്കാൻ പാടുള്ളു. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം-18/24-12-2016) നാളിതുവരെ ടി കക്ഷികൾ എ.ടി.എം കൗണ്ടർ സ്ഥാപിച്ചിട്ടില്ലെന്നും കൗണ്ടർ സ്ഥാപിക്കുന്ന മുറയ്ക്ക് സംസ്ഥാന ഫണ്ടിനുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി ഉറപ്പ്നൽകിയിട്ടുണ്ട്.

## (2-13) രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത

ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം 10 മാന്വൽ രസീത് ബുക്കുകളാണ് നിർവ്വഹണ ഉദ്യോഗസ്ഥർക്കും ക്യാമ്പ് കളക്ഷനുകൾക്കുമായി വിതരണം ചെയ്തിട്ടുള്ളത്.വെറ്ററിനറി സർജന് നൽകിയ 38672 നമ്പർ രസീത് ബുക്കിൽ ഡബിൾസൈഡ് കാർബൺ ഉപയോഗിക്കാതെയാണ് രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്, അവശേഷിക്കുന്ന പേജുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന മാന്വൽ രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി / നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീതുകൾ സാമ്പത്തിക വർഷാവസാനം അവരിൽനിന്ന് തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.രസീത് ബുക്കുകളുടെ ഉപയോഗം ചട്ടപ്രകാരമാണെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. രസീത് ബുക്കുകളുടെ സൂക്ഷിപ്പും വിതരണവും സുതാര്യമാക്കേണ്ടതാണ്.

ഉപയോഗമില്ലാത്ത രസീതുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നത് പണാപഹരണത്തിനും ക്രമക്കേടിനും സാധ്യതയുളവാക്കുന്ന സംഗതിയാകയാൽ ഈ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ഗൗരവതരമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (3-1) ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര വീഴ്ച

2015-16 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായത് 21252713രൂപയാണ്. എന്നാൽ ചെലവഴിച്ചത് 14326499രൂപ മാത്രമാണ്. ലഭ്യമായ തുകയുടെ 67.41%. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടായിരുന്ന തുക19-09-2015 ലെ ജി.ഒ (പി) നം-419/2015/ ഫിൻ നമ്പർ ഉത്തരവ് പ്രകാരം നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

| ഫണ്ടിനം | മുൻ ബാലൻസ് | 2015-16 വർഷത്തെ ബജറ്റ് അലോക്കേഷൻ | ആകെ ലഭ്യമായ തുക | 2015-16 വർഷത്തെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 350690 | 5097385 | 5448075 | 3846023 | 70.59 |
| വികസന ഫണ്ട്-എസ്.സി.പി | 133405 | 1786000 | 1919405 | 1104930 | 57.57 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 330736 | 2076291 | 2407027 | 1991762 | 82.74 |
| ലോകബാങ്ക് സഹായം | 2358483 | 0 | 2358483 | 515359 | 21.85 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 913788 | 4722000 | 5635788 | 5219823 | 92.62 |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 1163935 | 2320000 | 3483935 | 1648599 | 47.32 |
| ആകെ | 5251037 | 16001676 | 21252713 | 14326499 | 67.41 |

സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. ആയതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാവും. പ്രസ്തുത പ്രവണത മുന്നിൽകണ്ട് ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനുമായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

### (3-2) നിയമസാധുതയില്ലാത്ത വിവാഹത്തിനു ധനസഹായം നൽകി

| | |
|---|---|
| പ്രോജക്ട് നം/പേര് | 89/15-16,SC കുട്ടികൾക്ക് വിവാഹ ധനസഹായം |
| ഫണ്ടിനം,അടങ്കൽ | വികസന ഫണ്ട്(SCP)-300000/- |
| ചെലവ് തുക/ബിൽ നം/ തീയതി | 50000/- (5/15-16;29.02.2016)<br>50000/- (7/15-16;20.02.2016) |
| ആകെ ചെലവ് തുക | 100000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

SC കുട്ടികൾക്ക് വിവാഹ ധനസഹായം എന്ന പദ്ധതിയിൽ രണ്ട് ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം ആകെ 100000 രൂപ നൽകിയിരുന്നു. ഇതിൽ 50000/- രൂപ വാർഡ് -6 ലെ ശ്രീ.രമേശൻ V.G ,പൂരയിടത്തിൽ വീട്, കോഴഞ്ചേരി(East) എന്ന വ്യക്തിയ്ക്ക് നൽകിയിരുന്നു.ഇദ്ദേഹത്തിന്റെ മകൾ ശ്രീ.ശരണ്യ R ന്റെ വിവാഹ ധനസഹായമായിട്ടായിരുന്നു തുക നൽകിയത് (ബിൽ നം-5/16 തീയതി 29-02-2016).എന്നാൽ വിവാഹം കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെ യാതൊരു രേഖകളും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. വധുവിന്റെ വയസ്സ് തെളിയിക്കുന്ന S.S.L.C സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വരനായ ശ്രീ.നിതീഷ് സുരേന്ദ്രൻ,കണ്ടഴിയിൽ വീട്,പെരുമ്പ്രമാവ് P.O,മല്ലപ്പള്ളി എന്നയാളുടെ വയസ്സ് തെളിയിക്കുന്ന യാതൊരു രേഖകളും ലഭ്യമല്ല.

ചെങ്ങന്നൂർ,സാംബവ മഹാസഭയുടെ (രജി.നം:49,ലൈസൻസ് നം:1079) വിവാഹ പത്രിക പ്രകാരം (Sl.No.623) വരന്റെ ജനന തീയതി 02.04.1995 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിവാഹം നടന്നിട്ടുള്ളത് 14.09.2015 ൽ കോഴഞ്ചേരി, തെക്കേമല,M.G.M പാരീഷ് ഹാളിൽ വച്ചാണ്. ഇതിൽ നിന്നും വിവാഹ സമയത്ത് വരന് 21 വയസ്സ പൂർത്തിയായിട്ടില്ലായെന്ന വ്യക്തമാണ്. ഇപ്രകാരം നിയമ സാധുതയില്ലാത്ത വിവാഹത്തിന 50000/- രൂപ വികസന ഫണ്ടിൽ നിന്ന നൽകിയത് അംഗീകരിക്കാനാവില്ല. ശൈശവ വിവാഹം തടയുന്നതിനുള്ള കേന്ദ്ര നിയമ പ്രകാരം (The Prohibition of Child Marriage Act-2006) 21 വയസ്സ് കഴിയാത്ത യുവാക്കളുടെ വിവാഹം കുറ്റകരവുമാണ്.ഇവരുടെ വിവാഹം കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ലായെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട് (വിവാഹസ്ഥലം കോഴഞ്ചേരി ഗ്രാമപ്പഞ്ചായത്തിൽ ഉൾപ്പെട്ട സ്ഥലമാണ്) അടിയന്തിരമായി ഇതിന്മേൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം7/2016 തീയതി 20-12-2016) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ ധനസഹായം നൽകിയവർക്ക് തുക തിരികെ അടയ്ക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ട് എന്നറിയിച്ചു.ഈ മറുപടി അംഗീകരിക്കാനാവില്ല.കൃത്യമായ പരിശോധന നടത്തേണ്ട ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കുണ്ട്. മേൽ കാരണങ്ങളാൽ ഇതിനായി ചെലവഴിച്ച 50000/- രൂപ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## (3-3) വെള്ളക്കരം യഥാസമയം അടയ്ക്കാത്തതു കാരണം പിഴപ്പലിശ അധികമായി അടയ്ക്കേണ്ടി വരുന്നു

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം 182 ആണ്. ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ നിരക്കിൽ പ്രതിമാസം 79625/- രൂപയാണ് വെള്ളക്കരം അടവാക്കേണ്ടത്.2015-16 സാമ്പത്തിക വർഷത്തിൽ ജൂൺ മാസമൊഴികെ ബാക്കി 11 മാസവും വെള്ളക്കരം കൃത്യമായി അടച്ചിട്ടുണ്ട്.എന്നാൽ 06/2015 ലെ വെള്ളക്കരം നാളിതു വരെ അടച്ചിട്ടില്ല.അതിനാൽ ഈ തുക കുടിശ്ശികയായി അവശേഷിക്കുന്നു. ഇതിന് 1.9615% പിഴപ്പലിശ ഓരോ മാസവും അടവാക്കേണ്ടിയും വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | വെള്ളക്കരം | തുക അടച്ചത്.(DD No/തീയതി) |
|---|---|---|
| 05/2015,<br>Bill No.<br>A5.845/LSG/2006;05.05.2015 | OB:1375552<br>Demand:79625<br>Fine:26982<br>Total:1482159 | 79625/-,<br>DD No.801187/23.05.2015 |
| 06/2015,<br>ബിൽ ലഭ്യമല്ല | OB:1402534<br>Demand:79625<br>Fine:27511<br>Total:1509670 | വെള്ളക്കരം അടച്ചിട്ടില്ല. |
| 07/2015,<br>Bill No.2915/<br>10.07.2015 | OB:1509670<br>Demand:79625<br>Fine:29643<br>Total:1618938 | 79625/-,<br>DD No.801220/20.07.2015 |

06/2015 ലെ വെള്ളക്കരം 79625/- രൂപ നാളിതു വരെ അടവാക്കാത്തതിനാൽ ഈ തുക Opening Balance ൽ കുടിശ്ശികയായി വരികയും ഇതിന് 1.9615% പിഴപ്പലിശ ഓരോ മാസവും അടവാക്കേണ്ടിയും വരുന്നു.06/2015 ൽ ഗ്രാമപഞ്ചായത്തിന് തനതു ഫണ്ടിൽ 8205254/- രൂപ നീക്കിയിരുപ്പ് ഉണ്ടായിരുന്നു. തനത് ഫണ്ടിൽ വേണ്ടത്ര തുക ഉണ്ടായിരുന്നിട്ടും യഥാസമയം ബിൽ അടയ്ക്കാതെ കുടിശ്ശിക വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

07/2015 മുതൽ ഓഡിറ്റ് നടക്കുന്ന മാസം (12/2016) വരെയുള്ള പിഴപ്പലിശ താഴെ പറയുന്നു.

| | |
|---|---|
| വെള്ളക്കരം | 79625/- |
| 07/2015 മുതൽ (12/2016) വരെയുള്ള പിഴപ്പലിശ | 18 മാസം*(79625*1.9615%)<br>=18*1562/-<br>=28116/- |

ഇതിന്മേൽ അടിയന്തിരമായി ഓഡിറ്റിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/2016 തീയതി 26-12-2016) സെക്രട്ടറി നൽകിയ മറുപടിയിൽ തുക യഥാസമയം അടവാക്കാനായിട്ടില്ല എന്നംഗീകരിച്ചിട്ടുണ്ട്..മേൽ കാരണങ്ങളാൽ പിഴപ്പലിശയായി ചെലവഴിച്ച 28116/- രൂപ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## (3-4) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യമൊരുക്കൽ പദ്ധതിയിൽ നിലവാരം കുറഞ്ഞ പ്ളാസ്റ്റിക് കസേരകൾ വാങ്ങി

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | 90/15-16, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യമൊരുക്കൽ |
| ഫണ്ടിനം,അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)-300000/- |
| ചെലവ് തുക/ബിൽ നം/തീയതി | 300000/-, ബിൽ നം:12/15-16;31.03.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യമൊരുക്കൽ പദ്ധതിയിൽ നിലവാരം കുറഞ്ഞ പ്ളാസ്റ്റിക് കസേരകൾ വാങ്ങിയതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.03.09.2015 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും പ്ളാസാ എന്റർപ്രൈസസ്,കലഞ്ഞൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 11.09.2015 ലെ I(b)(1) തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്തു കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.പ്രസ്തുത ക്വട്ടേഷൻ പ്രകാരം Nilkamal-2165 എന്ന യിനം പ്ളാസ്റ്റിക് കസേരയ്ക്ക് ഒരെണ്ണത്തിന് 490/- രൂപയും Friendly എന്ന യിനം പ്ളാസ്റ്റിക് കസേരയ്ക്ക് ഒരെണ്ണത്തിന് 270/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സ്ഥാപനത്തിന്റെ ഇൻവോയിസ് പ്രകാരം (നം.40/18.03.2016) Nilkamal-2063 എന്ന യിനം പ്ളാസ്റ്റിക് കസേരയുടെ വിലയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ നേരിട്ട് രണ്ട് അങ്കണവാടികളിൽ (നം.85,88) നടത്തിയ പരിശോധനയിൽ Friendly എന്ന യിനം പ്ളാസ്റ്റിക് കസേരയാണ് നൽകിയിട്ടുള്ളത് എന്നു കണ്ടു.ഇതംഗീകരിക്കാനാവില്ല.അധികം നൽകിയ തുക താഴെ പറയുന്നു.

| ഇൻവോയിസ് പ്രകാരം | | | | | | സ്ഥാപിച്ചു പ്രകാരം | | | | | | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|---|---|
| ഇനം | എണ്ണം | നിരക്ക് | തുക | നികുതി(14.5%) | ആകെ തുക | ഇനം | എണ്ണം | നിരക്ക് | തുക | നികുതി(14.5%) | ആകെ തുക | |
| Nilkamal-2063 | 140 | 490 | 68600 | 9947 | 78547 | Friendly | 140 | 270 | 37800 | 5481 | 43281 | 35266/- |

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-9/2016 തീയതി 21-12-2016) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ കസേരകൾ മാറ്റി നൽകാൻ സ്ഥാപനത്തിന് സെക്രട്ടറി മുഖേന കത്ത് നൽകിയെന്നറിയിച്ചു.കസേരകൾ മാറ്റി സ്ഥാപിച്ച ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അധികമായി ചെലവഴിച്ച 35266/- രൂപ നിരാകരിക്കുന്നു.കസേരകൾ മാറ്റി വാങ്ങാത്ത പക്ഷം തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## (3-5) ജലസേചന പമ്പ് സെറ്റ് വിതരണം-സുതാര്യമല്ലാത്ത ബില്ലിന് തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | 25/15-16,ജലസേചന പമ്പ് സെറ്റ് നൽകൽ |
| ഫണ്ടിനം,അടങ്കൽ | വികസന ഫണ്ട്-30000/- |
| ചെലവ് തുക/ബിൽ നം/തീയതി | 30000/-, ബിൽ നം:1/15-16;19.03.16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പദ്ധതിയുടെ ചെലവു രേഖകൾ പരിശോധിച്ചതിൽ കോഴഞ്ചേരി,കീഴുകര,വാലു പറമ്പിൽ വീട്ടിൽ ശ്രീ കോശി മാത്യു എന്ന ഗുണഭോക്താവിന് ജലസേചന പമ്പ് സെറ്റ് വാങ്ങിയതിന് 5000/- രൂപ സബ്സിഡി നൽകിയിട്ടുണ്ട് (SBI,Account No.32924050386).എന്നാൽ പമ്പ് സെറ്റ് വാങ്ങിയതിന് ഹാജരാക്കിയ ബില്ലിനു യാതൊരു ആധികാരികതയുമില്ല.മാരാമൺ,T.K റോഡ്,മോഡേൺ ഇലക്ട്രിക്സ് എന്ന സ്ഥാപനത്തിന്റെ ബില്ലാണ് ഹാജരാക്കിയത്. വെറും വെള്ള പേപ്പറിൽ DTP യിൽ തയ്യാറാക്കിയ ബില്ലാണ് .സെയിൽ ടാക്സ് അനുശാസിക്കുന്ന Form 8B യിലുള്ള സെയിൽ ബില്ല് അല്ല. ഇക്കാരണങ്ങളാൽ പമ്പ് സെറ്റ് വാങ്ങിയതിന് ആധികാരികതയില്ല. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-22/2016 തീയതി 26-12-2016) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ പമ്പ് സെറ്റ് വാങ്ങിയതിന് ചെലവഴിച്ച 5000/- രൂപ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## (3-6) ചുമതലയിൽപ്പെടാത്ത പ്രോജക്ടുകളുടെ നിർവ്വഹണം എച്ച്.എം ന് നൽകി

എസ്.സി.പി മേഖലയിൽപ്പെട്ട 3 പ്രോജക്ടുകൾ, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുമായി ബന്ധപ്പെട്ട 2 പ്രോജക്ടുകൾ എന്നിവ 2015-16 വർഷം നിർവ്വഹണം നടത്തിയത് ഹെഡ്മിസ്ട്രസ് ആണ്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ {ജി.ഒ (എം.എസ്) നം-362/13 തീയതി 16-11-2013}പ്രകാരം ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണം നടത്തേണ്ടത് ഐ.സി.ഡി.എസ് സൂപ്പർവൈസർ ആണ്. ജി.ഒ.(എം.എസ്) 59/14 തീയതി 22.032014 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിമാർ ഉള്ള ഗ്രാമപ്പഞ്ചായത്തുകളിൽ എസ്.സി/എസ്.ടി പദ്ധതികളുടെ നിർവ്വഹണ ചുമതല അസിസ്റ്റന്റ് സെക്രട്ടറിക്കായിരിക്കണം. എന്നാൽ മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി 5 പ്രോജക്ടുകളുടെ ചുമതല ഗ്രാമപ്പഞ്ചായത്ത് എച്ച്.എം നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ടിന്റെ പേരും നമ്പരും | വകയിരുത്തിയ | ചെലവഴിച്ച |
|---|---|---|---|

| നം | | തുക | തുക |
|---|---|---|---|
| 1 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -ജനറൽ (36/15-16) | 90000 | 90000 |
| 2 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -എസ്.സി.പി (37-15/16) | 80000 | 80000 |
| 3 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ (86/15-16) | 10000 | 88000 |
| 4 | പത്താംക്ലാസിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ (87/15-16) | 90000 | 50930 |
| 5 | എസ്.എസ്. എ -എസ്.സി.പി (33/15-16) | 150000 | 150000 |

2015-16 സാമ്പത്തിക വർഷം എച്ച്.എം നിർവ്വഹണം നടത്തിയ 13 പ്രോജക്ടുകളിൽ 5 എണ്ണവും എച്ച്.എം ന്റെ നിർവ്വഹണ ചുമതലയിൽപ്പെടാത്തവയാണ്. പ്രസ്തുത വിഷയം ഭരണസമിതി പരിശോധിക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തങ്ങളുടെ മേഖലാ വിഭജനപ്രകാരമുള്ള പ്രോജക്ടുകളുടെ ചുമതല ഏൽപ്പിക്കേണ്ടതുമാണ്.

## (3-7) സെക്രട്ടറിയുടെ പദ്ധതിനിർവ്വഹണ ചെലവ് - 25% ത്തിൽ താഴെ

2015-16 സാമ്പത്തിക വർഷം 24 പ്രോജക്ടുകളുടെ നിർവ്വഹണമാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കുണ്ടായിരുന്നത്. എന്നാൽ നിർവ്വഹണം നടത്തിയത് 10 പ്രോജക്ടുകൾ മാത്രമാണ്. 24 പ്രോജക്ടുകളിൽ 23 എണ്ണം പുതിയ പ്രോജക്ടുകളും ഒരെണ്ണം സ്പിൽ ഓവർ പ്രോജക്ടുമായിരുന്നു.ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, അംഗനവാടികളുടെ വൈദ്യുതി കണക്ഷൻ/ വാട്ടർ കണക്ഷൻ, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വാട്ടർ കണക്ഷൻ, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് നൽകൽ തുടങ്ങിയ പ്രോജക്ടുകളൊന്നും തന്നെ സെക്രട്ടറി നിർവ്വഹണം നടത്തിയില്ല. 4815366 രൂപ അടങ്കലുള്ള 24 പ്രോജക്ടുകളുടെ നിർവ്വഹണമാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ 10 പ്രോജക്ടുകളിലായി 1189432 രൂപയാണ് ചെലവഴിച്ചത്. പദ്ധതി ചെലവ്-24.70%.

പദ്ധതി നിർവ്വഹണ ചെലവ് താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറവ് ചെലവ് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിക്കായിരുന്നു. പദ്ധതി നിർവ്വഹണത്തിൽ 100 % പൂർത്തീകരണം നടത്തി മാതൃകയാകേണ്ട ഉദ്യോഗസ്ഥനാണ് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി. നടപ്പിലാകാത്ത പ്രോജക്ടുകൾ സ്പിൽ ഓവറാക്കാൻ കഴിയുമെങ്കിലും ആയതിനുള്ള ഫണ്ട് തുടർന്ന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത സാഹചര്യത്തിൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. ആയതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതിനിർവ്വഹണത്തിന്റെ മുഖ്യ ചുമതലക്കാരനായ സെക്രട്ടറി ഇപ്രകാരം പദ്ധതി നിർവ്വഹണത്തിൽ വരുത്തിയ വീഴ്ച ഭരണ സമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-8) സമ്പൂർണ്ണ ഇ-സാക്ഷരത യജ്ഞം - പദ്ധതി കാര്യക്ഷമമായി നടപ്പിലായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 79/16 |
| വവകയിരുത്തിയ തുക | 100000 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 79332 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്, ഗവ. യു.പി സ്കൂൾ |

ഗ്രാമപ്പഞ്ചായത്തിൽ സമ്പൂർണ്ണ ഇ-സാക്ഷരത നടപ്പിലാക്കുന്നതിനാവശ്യമായ ചെലവുകൾക്കാണ്( ടാബ് ലറ്റും അനുബന്ധ സ്റ്റേഷനറി ഉപകരണങ്ങൾ വാങ്ങുന്നതിനും പരിശീലകർക്കുള്ള അലവൻസ് നൽകുന്നതിനും ) പ്രോജക്ട് ആവിഷ്കരിച്ചത്. പ്രോജക്ടിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും ഒൻപത് ടാബ് ലറ്റുകൾക്ക് 72000 രൂപ (ഡി.ഡി നം-801361/09-02-2016) നൽകി. കൂടാതെ നോട്ടീസ് പ്രിന്റ് ചെയ്യൽ, സിംകാർഡ്, നെറ്റ് ചാർജ്ജ് എന്നിവയ്ക്കായി 7332 രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ടുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന യാതൊരുവിധ രേഖകളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.(കമ്പ്യൂട്ടർ പരിശീലനം എത്ര പേർക്ക് നൽകി, ആരാണ് നൽകിയത്, പരിശീലനം നൽകിയ കാലയളവ് എന്നിങ്ങനെയുള്ള വിവരങ്ങൾ)

2) പ്രോജക്ടിന്റെ മോണിറ്ററിംഗ് നടന്നിട്ടില്ല.

3) പ്രോജക്ടിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യക്തതയില്ല.

പ്രസ്തുത സാഹചര്യത്തിൽ വാങ്ങിയ ടാബുകൾ പരിശീലനത്തിന് ശേഷം നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ് ഗ്രാമപ്പഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിക്കേണ്ടതും സെക്രട്ടറി സ്റ്റോക്കിൽ എടുത്ത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.ഗ്രാമപഞ്ചായത്ത് ഭരണസമിതി തുടർപദ്ധതികൾ ആവിഷ്കരിച്ച് വാങ്ങിയ ടാബുകൾ ഉപയോഗപ്രദമാക്കുന്നതിനും ഗ്രാമപ്പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഇ-സാക്ഷരരാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## (3-9) മീഡിയാശ്രീ - തുക നൽകിയെങ്കിലും പ്രോജക്ട് നടപ്പിലായില്ല

| | |
|---|---|
| പ്രോജക്ട് നം | 136/16 |
| വകയിരുത്തിയ തുക | 65000/- (തനതു ഫണ്ട്) |
| ചെലവഴിച്ച തുക | 65000/- |
| DD നമ്പരും തീയതിയും | 801422/31.03.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസ്സിസ്റ്റന്റ് സെക്രട്ടറി |

സ.ഉ.(സാധാ)നം-462/2015/ത.സ്വ.ഭ.വ തീയതി 16-02-2015 പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്കുമെന്ററി ചിത്രങ്ങളായി പുറത്തിറക്കാൻ 65000 രൂപ ചെലവഴിക്കാൻ അനുവദിച്ച് ഉത്തരവായിരുന്നു. ഇത് പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി പദ്ധതി നിർവ്വഹണത്തിനായി കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് തുക നൽകുകയും ചെയ്തു.പദ്ധതി നടത്തിപ്പിനായി കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് വേണ്ടി ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ കരാർ ഒപ്പുവയ്ക്കാതെയാണ് തുക നൽകിയിരിക്കുന്നത്. തുക ലഭിച്ച് കഴിഞ്ഞ് 60 ദിവസത്തിനകം ഗ്രാമപ്പഞ്ചായത്തിനെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കി ആയതിന്റെ 10 പകർപ്പ് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ ഓഡിറ്റ് സമയം വരെയും നിർവ്വഹണ സ്ഥാപനം ഡോക്കുമെന്റേഷൻ പൂർത്തിയാക്കി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ചെലവ് തുകയായ 65000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-10) ' കരുതൽ' പദ്ധതിയിൽ ഗുരുതരമായ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം/പേര് | 91/2015-16, |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-120686/- |
| ചെലവ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-120686/-<br>(ബിൽ നം.15/15-16;30.03.2016) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,PHC,ചെറുകോൽ |

a) കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ 'കരുതൽ'-ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള പദ്ധതിയിൽ ഗുരുതരമായ അപാകതകൾ കണ്ടു. 1.20 ലക്ഷം രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ മൂന്ന് കുടുംബശ്രീ ഉപകേന്ദ്രങ്ങളിൽ നടത്തിയ പരിശോധനയ്ക്കായി ഹാജരായത് 400പേർ മാത്രമാണ്.എന്നാൽ 1735 പേരുടെ Cholestrol,Sugar,BP എന്നിവ പരിശോധിക്കുന്നതിന് Microlab,കോഴഞ്ചേരി എന്ന സ്ഥാപനത്തിന് 69400/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആർക്കും തന്നെ മെഡിക്കൽ ലാബ് റിപ്പോർട്ട് ലഭിച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ മുഖേന തെരഞ്ഞെടുത്ത Microlab,കോഴഞ്ചേരി എന്ന സ്ഥാപനത്തെയാണ് വ്യക്തികളുടെ രക്തം പരിശോധിക്കാനായി തെരഞ്ഞെടുത്തിരുന്നത്. മൂന്നു വിധ പരിശോധനകൾക്കായി ഒരാൾക്ക് 40/- രൂപയാണ് സ്ഥാപനം ക്വോട്ട് ചെയ്തത്.എന്നാൽ ഈ സ്ഥാപനത്തെ പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചതായ യാതൊരു രേഖയുമില്ല. പരിശോധന റിപ്പോർട്ടിന്റെ യാതൊരു രേഖകളും ഇല്ല.അതിനാൽ ടി സ്ഥാപനത്തിനു 69400/- രൂപ നൽകിയത് അംഗീകരിക്കാനാവില്ല. പരിശോധന നടത്തിയവരുടെ എണ്ണം പെരുപ്പിച്ചു കാട്ടിയതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പരിശോധന വിവരം | നിരക്ക് | എണ്ണം | നൽകിയ തുക | രജിസ്റ്റർ പ്രകാരം<br>പരിശോധന നടത്തിയവരുടെ എണ്ണം | വ്യത്യാസം |
|---|---|---|---|---|---|---|
| Microlab | Cholestrol,<br>Sugar,BP | 40/- | 1735 | 69400/- | കുന്നത്തുകര സബ്ബ് സെന്റർ<br>(on-16.03.16)-122,<br>കുരങ്ങുമല സബ്ബ് സെന്റർ<br>(on-17.03.16)-158,<br>മേലുകര സബ്ബ് സെന്റർ<br>(on-18.03.16)- 120<br>ആകെ-400 | 1335*40/-<br>=53400/- |

b) വീടുകളിൽ സർവ്വെ നടത്തിയതിന് 54 വോളണ്ടിയർമാർക്ക് 280/- രൂപ വീതം 15120/- രൂപ നൽകിയിട്ടുണ്ട്. ഇതിനായി 4000 സർവ്വെ ഫോമുകൾ അച്ചടിച്ചതിന് 3400/- രൂപയും ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.399/02.03.2016,Stream Printers,തെക്കേമല).എന്നാൽ സർവ്വെ നടത്തിയതിന്റെ യാതൊരു രേഖകളും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. അവ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

പരിശോധനാ വിവരങ്ങൾ ഇല്ലാത്തതിനാലും പരിശോധന നടത്തിയവരുടെ എണ്ണത്തിൽ അപാകതകൾ ഉള്ളതിനാലും Microlab എന്ന സ്ഥാപനത്തിനു അധികമായി നൽകിയ 53400/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അടിയന്തിരമായി ഓഡിറ്റ് അന്വേഷണങ്ങൾക്ക് വിശദീകരണം നൽകേണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയുടെ (നം-15/23-12-2016)ഭാഗമായി കുറേ OP ടിക്കറ്റുകളിൽ വിവരങ്ങൾ രേഖപ്പെടുത്തിയതാണ് ഹാജരാക്കിയത്.ആധികാരികമായി സാക്ഷ്യപ്പെടുത്തിയ Lab Report ഹാജരാക്കയിട്ടില്ല.പേരും വിലാസവും

മാത്രം രേഖപ്പെടുത്തിയ സർവ്വെ ഫോമുകളും ഹാജരാക്കി.യഥാർത്ഥ സർവ്വെ നടന്നിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

ഇക്കാരണങ്ങളാൽ ഗുരുതരമായ അപാകതകൾ ഈ പദ്ധതിയിൽ നടന്നിട്ടുണ്ടെന്ന് വ്യക്തമാണ്.ചെലവു തുക 84520/- രൂപ (69400+15120) നിരാകരിക്കുന്നു.തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## **(3-11)** അന്യ സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പും ഹെൽത്ത് കാർഡ് വിതരണവും പദ്ധതിയിലെ ഗുരുതരമായ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 93/2015-16,അന്യ സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പും ഹെൽത്ത് കാർഡ് വിതരണവും |
| അടങ്കൽ | വികസന ഫണ്ട്-4077<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-25000<br>തനതു ഫണ്ട്-90323<br>മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)-100000<br>ആകെ-219400/- |
| ചെലവ് | വികസന ഫണ്ട്-4077<br>(ബിൽ നം.4/15-16;21.11.2015)<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-25000<br>(ബിൽ നം.3/15-16;31.12.2015)<br>തനതു ഫണ്ട്-90323.(DD No.)<br>മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)-100000<br>(ബിൽ നം.2/15-16;03.11.2015)<br>ആകെ-219400/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,PHC,ചെറുകോൽ |

കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ അന്യ സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പും ഹെൽത്ത് കാർഡ് വിതരണവും പദ്ധതിയിൽ ഗുരുതരമായ അപാകതകൾ കണ്ടു.2.19 ലക്ഷം രൂപ ചെലവഴിച്ച പദ്ധതിയിൽ ആർക്കും തന്നെ മെഡിക്കൽ ലാബ് റിപ്പോർട്ടോ ഹെൽത്ത് കാർഡോ ലഭിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

27.09.2015 ൽ കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത് പരിസരത്ത് അന്യ സംസ്ഥാന തൊഴിലാളികൾക്കായി ഒരു മെഡിക്കൽ ക്യാമ്പ് നടത്തിയിരുന്നു.മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ മുഖേന തെരഞ്ഞെടുത്ത Microlab,കോഴഞ്ചേരി എന്ന സ്ഥാപനത്തെയാണ് തൊഴിലാളികളുടെ രക്തം പരിശോധിക്കാനായി തെരഞ്ഞെടുത്തിരുന്നത്. എന്നാൽ ടെണ്ടർ മുഖേനയല്ല ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. 2013 ലെ സ്റ്റോർ പർച്ചെയ്സ് മാന്വൽ (ജി.ഒ(പി) നം-3/2013/എസ്.പി.ഡി തീയതി 21-06-2013) ഖണ്ഡിക 7.7 പ്രകാരം ഒരു ലക്ഷത്തിന്റെ മുകളിലുള്ള ഇടപാടുകൾ ടെണ്ടർ മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ചട്ടലംഘനം നടത്തിയിരിക്കുകയാണ്.HIV,HBSAG,Blood Group എന്നീ മൂന്നു വിധ പരിശോധനകൾക്കായി ഒരു തൊഴിലാളിയ്ക്ക് 200/- രൂപയാണ് സ്ഥാപനം ക്വോട്ട് ചെയ്തത്.എന്നാൽ ഈ സ്ഥാപനത്തെ പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചതായ യാതൊരു രേഖയുമില്ല. 810 തൊഴിലാളികൾക്ക് പരിശോധന നടത്തുന്നതിനായി ടി സ്ഥാപനത്തിന് 162000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിനു ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ആകെ 320 തൊഴിലാളികൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരായത്. മാത്രമല്ല പരിശോധന റിപ്പോർട്ടിന്റെ യാതൊരു രേഖകളും ഇല്ല.അതിനാൽ ടി സ്ഥാപനത്തിനു 162000/- രൂപ നൽകിയത് അംഗീകരിക്കുന്നില്ല.. തൊഴിലാളികളുടെ എണ്ണം പെരുപ്പിച്ചു രേഖകൾ ചേർത്തത് കൃത്രിമം കാട്ടിയതിന്റെ വ്യക്തമായ ദൃഷ്ടാന്തം ആണ്.

| സ്ഥാപനം | പരിശോധന വിവരം | നിരക്ക് | തൊഴിലാളികളുടെ എണ്ണം | നൽകിയ തുക | രജിസ്റ്റർ പ്രകാരമുള്ളതൊഴിലാളികളുടെ എണ്ണം | വ്യത്യാസം |
|---|---|---|---|---|---|---|
| Microlab | HIV,HBSAG,Blood Group | 200/- | 810 | 62000/-<br>100000/- | 320 | 490*200/-<br>=98000/- |

